**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 09.01.2026**

## പ്രധാനവാർത്തകൾ

1. ഇന്ത്യയ്ക്കും അമേരിക്കയ്ക്കുമിടയിലെ വ്യാപാര കരാർ ഉടൻ സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നതായി വിദേശകാര്യ മന്ത്രാലയം.
2. പ്രതിരോധ നിർമാണ മേഖലയിൽ രാജ്യം സ്വയംപര്യാപ്തതയിലേക്ക് നീങ്ങുകയാണെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ്.
3. ശബരിമല സ്വർണ്ണക്കവർച്ച കേസിൽ തന്ത്രി കണ്ഠരര് രാജീവരെ അറസ്റ്റു ചെയ്ത് പ്രത്യേക അന്വേഷണസംഘം. തന്ത്രിയെ വൈദ്യപരിശോധനയ്ക്ക് ഹാജരാക്കി.
4. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ നാളെ കേരളത്തിൽ. മറ്റന്നാൾ തിരുവനന്തപുരത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും.
5. പ്രസിഡന്റ്സ് ട്രോഫി ജലോത്സവത്തിനും, ചാംപ്യൻസ് ബോട്ട് ലീഗ് ഫൈനലിലും വേദിയാവാനൊരുങ്ങി അഷ്ടമുടിക്കായൽ.
6. വനിതാ പ്രീമിയർ ലീഗിന്റെ നാലാം സീസണിന് ഇന്ന് തുടക്കം. ആദ്യ മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, മുംബൈ ഇന്ത്യൻസുമായി ഏറ്റുമുട്ടും.

PNUTVPM

**********************************

## ഇന്ത്യ-യുഎസ്

ഇന്ത്യയ്ക്കും അമേരിക്കയ്ക്കുമിടയിലെ ഉഭയകക്ഷി വ്യാപാര കരാർ ഉടൻ സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നതായി വിദേശകാര്യമന്ത്രാലയം. ഇത് സംബന്ധിച്ച് നിരവധി ചർച്ചകൾ നടന്നതായി വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. റഷ്യൻ എണ്ണ വാങ്ങുന്ന രാജ്യങ്ങൾക്ക് ഉയർന്ന താരിഫ് ഏർപ്പെടുത്താനുള്ള യുഎസ് ബിൽ സംബന്ധിച്ച സാഹചര്യം ഇന്ത്യ നിരീക്ഷിച്ചു വരികയാണെന്നും അദ്ദേഹം വ്യക്തമാക്കി. രാജ്യത്തെ ജനങ്ങളുടെ ഊർജ്ജ സുരക്ഷയ്ക്കായി കുറഞ്ഞ നിരക്കിൽ ഇന്ധനം ലഭ്യമാക്കുക എന്നതാണ് ഇന്ത്യയുടെ മുൻഗണനയെന്നും ശ്രീ ജെയ്സ്വാൾ വിശദീകരിച്ചു.

********************************

## രാജ്നാഥ് സിങ്ങ്

RNU TVPM

പ്രതിരോധ നിർമ്മാണ മേഖലയിൽ രാജ്യം സ്വയംപര്യാപ്തതയിലേക്ക് നീങ്ങുകയാണെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ്. മുൻപ് 46,000 കോടി രൂപയായിരുന്ന പ്രതിരോധ ഉത്പാദനം നിലവിൽ 1.5 ലക്ഷം കോടി രൂപയായി വർദ്ധിച്ചതായും അദ്ദേഹം ലഖ്നൗവിൽ പറഞ്ഞു. പ്രതിരോധ മേഖലയിലെ കയറ്റുമതിയും പലമടങ്ങ് വർദ്ധിച്ചിട്ടുണ്ട്. പ്രതിരോധ കയറ്റുമതി 25,000 കോടിയിൽ നിന്ന് 50,000 കോടി രൂപയായി 2030-ഓടെ ഉയരുമെന്നും ശ്രീ രാജ്നാഥ് സിങ്ങ് വ്യക്തമാക്കി.

********************************

## തന്ത്രി

ശബരിമല സ്വർണ്ണക്കവർച്ച കേസിൽ പ്രത്യേക അന്വേഷണസംഘം തന്ത്രി കണ്ഠരര് രാജീവരെ അറസ്റ്റു ചെയ്തു. തിരുവനന്തപുരത്തെ എസ് ഐ ടി ഓഫീസിൽ നടന്ന ചോദ്യം ചെയ്യലിന് പിന്നാലെയാണ് അറസ്റ്റ്. ഉണ്ണികൃഷ്ണൻ പോറ്റിയുടെ മൊഴിയെ തുടർന്നാണ് തന്ത്രിയെ, SIT കസ്റ്റഡിയിൽ എടുത്തത്. വൈദ്യപരിശോധനയ്ക്കായി അൽപസമയം മുൻപ് തന്ത്രിയെ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ എത്തിച്ചു. ഇന്നുതന്നെ കൊല്ലം വിജിലൻസ് കോടതിയിൽ ഹാജരാക്കുമെന്നാണ് ലഭ്യമാകുന്ന വിവരം. SIT ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ സ്വതന്ത്രമായാണ് പ്രവർത്തിക്കുന്നതെന്നും ആരുടേയും സമ്മർദ്ദം SIT ക്ക് മേൽ ഇല്ല എന്നും ഡിജിപി റവാഡ ചന്ദ്രശേഖർ പ്രതികരിച്ചു. അന്വേഷണം ശരിയായ ദിശയിലാണ് എന്ന് കോടതി തന്നെ വ്യക്തമാക്കിയതാണെന്ന് ദേവസ്വം മന്ത്രി വി എൻ വാസവൻ കോട്ടയത്ത് മാധ്യമങ്ങളോട് പറഞ്ഞു.

RNU TVPM

********************************

**ജോർജ്ജ് കുര്യൻ**

റബ്ബർ മേഖലയുടെ വിജയം കർഷകരുടെ വിജയമാണെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ. കോട്ടയം പുതുപ്പള്ളി ദേശീയ റബ്ബർ പരിശീലന കേന്ദ്രത്തിന്റെ രജത ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു മന്ത്രി. 2047 ൽ ഇന്ത്യ വികസിത രാഷ്ട്രമായി മാറുക എന്നത് സ്വാതന്ത്ര്യ പ്രാപ്തി മുതലുള്ള ജനങ്ങളുടെ സ്വപ്ന സാക്ഷാത്കാരമാണെന്ന് അദ്ദേഹം പറഞ്ഞു. റബ്ബർ മേഖലയുമായി ബന്ധപ്പെട്ട് നാഗാലാൻഡുമായുള്ള ധാരണപത്രം ചടങ്ങിൽ ഒപ്പുവെച്ചു.

********************************

## അമിത് ഷാ

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനായി നാളെ കേരളത്തിലെത്തും. ഞായറാഴ്ച തിരുവനന്തപുരത്ത് നടക്കുന്ന ബി.ജെ.പി യോഗങ്ങളിലും, കേരള കൗമുദി കോൺക്ലേവിലും അദ്ദേഹം പങ്കെടുക്കും.

********************************

## പുസ്തകോത്സവം (ഇൻട്രോ)

മികച്ച ജനപങ്കാളിത്തത്തോടെ തിരുവനന്തപുരത്ത് നിയമസഭാ പുസ്തകോൽസവം തുടരുന്നു. പുസ്തകോൽസവത്തോട് അനുബന്ധിച്ചുള്ള ബുക്ക് ഫോർ ടോക്കിൽ പ്രശസ്ത എഴുത്തുകാരി തസ്ലീമ നസ്റീൻ ഇന്ന് സംസാരിച്ചു. വൈകിട്ട് നിയമസഭാ സമുച്ചയത്തിൽ വിവിധ കലാപരിപാടികളും അരങ്ങേറും. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..

(വോയിസ്)

RNU TVPM

********************************

## ഹൈക്കോടതി ചീഫ് ജസ്റ്റിസ്

കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ നാളെ വിരമിക്കും. ജസ്റ്റിസ് സൗമെൻ സെൻ ആണ് കേരള ഹൈക്കോടതിയുടെ പുതിയ ചീഫ് ജസ്റ്റിസ്.

********************************

## തീവ്ര വോട്ടർ പട്ടിക പരിഷ്കരണം - കണ്ണൂർ

എസ്.ഐ.ആർ കരട് പട്ടികയിൽ ഉൾപ്പെട്ടില്ലെന്ന് കരുതി അർഹരായ ഒരാൾ പോലും അന്തിമ വോട്ടർ പട്ടികയിൽ നിന്ന് പുറത്താകില്ലെന്ന് റവന്യു സെക്രട്ടറിയും വോട്ടർ പട്ടിക നിരീക്ഷകനുമായ എം.ജി രാജമാണിക്യം. വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിലെ രാഷ്ട്രീയപാർട്ടി പ്രതിനിധികളുമായി നടത്തിയ ചർച്ചയിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. തീവ്ര വോട്ടർപട്ടിക പരിഷ്കരണം സംബന്ധിച്ച ജനങ്ങളുടെ ആശങ്കകൾ അടിസ്ഥാന രഹിതമാണെന്നും അദ്ദേഹം പറഞ്ഞു. ഹിയറിങ്ങിൽ മതിയായ രേഖകൾ ഹാജരാക്കുന്നവരെ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തുമെന്നും അദ്ദേഹം വ്യക്തമാക്കി.

*******************************

## ശബരിമല

മകരവിളക്കിന് ദിവസങ്ങൾ മാത്രം ശേഷിക്കേ ഭക്തജനത്തിരക്കിൽ ശബരിമല സന്നിധാനം. പമ്പമുതൽ മണിക്കൂറുകൾ നീണ്ട കാത്തുനിൽപ്പിനു ശേഷമാണ് തീർഥാടകർക്ക് ദർശനം ലഭിക്കുന്നത്. പോലീസിന്റെ ആറാം ബാച്ച് ശബരിമലയിൽ ഇന്ന് ചുമതല ഏറ്റെടുത്തു.

RNUTVPM

*******************************

## പ്രസിഡന്റ്സ് ട്രോഫി(ഇൻട്രോ)

പ്രസിഡന്റ്സ് ട്രോഫി ജലോത്സവവും, ചാംപ്യൻസ് ബോട്ട് ലീഗ് ഫൈനൽ മത്സരവും നാളെ കൊല്ലം അഷ്ടമുടിക്കായലിൽ നടക്കും. മന്ത്രി കെ.എൻ ബാലഗോപാൽ ജലോത്സവം ഉദ്ഘാടനം ചെയ്യും.
**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ.**

(ഹോൾഡ്)

********************************

**അരകവ്യൂഹം**

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ, കേരളത്തിലെ പ്രശസ്ത വാദ്യ ബാന്റായ 'അരകവ്യൂഹം' മറ്റന്നാൾ വൈകുന്നേരം 6.30ന് തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ താള- വാദ്യ - ഫ്യൂഷൻ സംഗീതം അവതരിപ്പിക്കും. കഥകളിസംഗീതവും കർണാടക സംഗീതവും കോർത്തിണക്കിയുള്ള സവിശേഷമായ സംഗീത ശൈലിയായിരിക്കും പ്രേക്ഷകർക്ക് മുന്നിൽ അവതരിപ്പിക്കുക. പരിപാടിയിലേക്കുള്ള പ്രവേശനം സൗജന്യമാണ്.

RNU TVPM

********************************

**ചെള്ളുപനി (ഇൻട്രോ)**

കോഴിക്കോട് ജില്ലയിൽ ചെള്ള് പനി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ആരോഗ്യവകുപ്പ് ബോധവത്കരണ പരിപാടികൾ തുടങ്ങി. കഴിഞ്ഞ വർഷം മാത്രം അമ്പതോളം പേർക്കാണ് ജില്ലയിൽ രോഗം റിപ്പോർട്ട് ചെയ്തത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു...**

(വോയിസ്)

********************************

**പക്ഷിപ്പനി**

ആലപ്പുഴയിൽ പക്ഷിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ പ്രഭവ കേന്ദ്രത്തിൽ നിന്ന് 10 കിലോമീറ്റർ ചുറ്റളവിൽ വരുന്ന

പത്തനംതിട്ട തിരുവല്ല താലൂക്കിലെ നിരണം, കടപ്ര, നെടുമ്പ്രം പഞ്ചായത്തുകളിൽ താറാവ്, കോഴി, കാട, മറ്റ് വളർത്തു പക്ഷികൾ എന്നിവയുടെ ഇറച്ചി, മുട്ട, ഫ്രോസൺമീറ്റ്, മറ്റു പക്ഷി ഉൽപന്നങ്ങൾ, കാഷ്ഠം എന്നിവയുടെ ഉപയോഗവും വിപണനവും ജനുവരി 9 മുതൽ ഏഴു ദിവസത്തേക്ക് ജില്ലാ കളക്ടർ നിരോധിച്ചു. പക്ഷികളുടെയും പക്ഷി ഉൽപന്നങ്ങളുടെയും കടത്തലും നിരോധിച്ചിട്ടുണ്ട്.

********************************

## ആർപിഎഫ് - നടപടി

തിരുവനന്തപുരം അകത്തുമുറി റെയിൽവേ സ്റ്റേഷനിൽ മദ്യലഹരിയിലായിരുന്ന ഡ്രൈവർ ഓട്ടോറിക്ഷ അനധികൃതമായി പ്ലാറ്റ്ഫോമിൽ കയറ്റി അപകടമുണ്ടാക്കിയ സംഭവത്തിന്റെ പശ്ചാത്തലത്തിൽ സുരക്ഷ കർശനമാക്കി റെയിൽവേ സംരക്ഷണ സേന. വാഹനങ്ങൾ അനധികൃതമായി പ്രവേശിക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി ഇത് തടയാൻ നടപടി ആരംഭിച്ചിട്ടുണ്ട്. അപകടമുണ്ടാക്കിയ ഓട്ടോറിക്ഷ ഡ്രൈവറുടെ ലൈസൻസ് സസ്പെൻഡ് ചെയ്യാനും എംവിഡി നടപടി സ്വീകരിച്ചതായി ആർപിഎഫ് പ്രസ്താവനയിൽ അറിയിച്ചു. റെയിൽവേ ട്രാക്കിലും, പ്ലാറ്റ്ഫോമിലും ലെവൽ ക്രോസിങ്ങിലും വാഹനങ്ങൾ അനധികൃതമായി പ്രവേശിക്കുന്നത് ശിക്ഷാർഹമായ കുറ്റമാണെന്നും റെയിൽവേ വ്യക്തമാക്കി.

PRD TVPM

********************************

## വനിതാ പ്രീമിയർ ലീഗ്

വനിതാ പ്രീമിയർ ലീഗിന്റെ നാലാം സീസണിന് ഇന്ന് തുടക്കം. നവിമുംബൈ സ്റ്റേഡിയത്തിൽ ഇന്ന് രാത്രി 7.30 ന് നടക്കുന്ന

ആദ്യ മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, മുംബൈ ഇന്ത്യൻസുമായി ഏറ്റുമുട്ടും.

********************************

## സൗജന്യ ചികിത്സ

രാജ്യത്ത് ആദ്യമായി അപൂർവ രോഗമായ പ്ലെക്സിഫോം ന്യൂറോ ഫൈബ്രോമാറ്റോസിസ് രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കി കേരളം. സംസ്ഥാന ആരോഗ്യവകുപ്പ് നടപ്പിലാക്കിയ 'കെയർ' അപൂർവരോഗ ചികിത്സാ പദ്ധതിയുടെ ഭാഗമായി പിഎൻ രോഗികൾക്കായി സമഗ്ര ചികിത്സയും മരുന്ന് സഹായവും ആരംഭിച്ചു. തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ ചികിത്സയിലുള്ള ഒരു കുഞ്ഞിന് 10 ലക്ഷം രൂപയുടെ മരുന്ന് ഇതിലൂടെ നൽകി.

*

****************

**********************************************

RNUTVPM